നെൽകൃഷി പ്രോത്സാഹനം

142 (1613) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി നെല്ലുൽപ്പാദനത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; നെല്ലുൽപ്പാദനത്തിന്റെ 2010 മുതൽ 2015 വരെയുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരുന്നത് :

- സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി.
- മാക്രോമാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി.
- രാഷ്ട്രീയ കൃഷി വികാസ് യോജന.
- രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി.
- നെല്ല് സംഭരണം.
- ചെറുകിട യന്ത്രവൽക്കരണത്തിനുള്ള പദ്ധതി.
- നെൽകൃഷിക്കുള്ള ഉൽപ്പാദന ബോണസ്.
- കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി.
- കരനെൽകൃഷി.
- വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശുനില കൃഷി.
- പൊതു ഞാറ്റടി വടക്കാഞ്ചേരി മോഡൽ.
- സുഗന്ധ നെല്ലിന വികസന പദ്ധതി.
- കാർഷിക യന്ത്രവൽക്കരണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- സുസ്ഥിര നെൽകൃഷി വികസന പദ്ധതി.
- തരിശുനില കൃഷി, നെൽകൃഷിക്ക് ശേഷമുള്ള മറ്റു കൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.
- മാക്രോമാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റ ഞാർ കൃഷി ഡെമോൺസ്ട്രേഷൻ.
- ഉൽപ്പാദന ഉപാധികളായ വിത്ത്, കമ്മായം, മൈക്രോ ന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യസംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണം.
- നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മിനികിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിക്കുന്നതിനുള്ള പദ്ധതികൾ.
- കർഷകർക്ക് പൂരക വരുമാന സ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുവാൻ സഹായം നൽകുന്ന പദ്ധതി.
- നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽകൃഷി വികസന ഏജൻസികൾക്ക് ഉള്ള ധനസഹായം.
- ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസനം.
- പ്രത്യേക നെല്ലിനങ്ങൾക്കുള്ള കൃഷി വികസനം.
- പാടശേഖര സമിതികൾക്കുള്ള പ്രവർത്തനസഹായവും അടിസ്ഥാന സൗകര്യ വികസനവും കൂടാതെ 2015-16-ൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.
- സുസ്ഥിര നെൽകൃഷി വികസനം നെൽകൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും ഉല്പാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015-16 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ. ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ (ഒരു ഹെക്ടറിന് 6000 രൂപ സബ്സിഡി നിരക്കിൽ) പദ്ധതി നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

- <u>വികസന ഏജൻസികൾക്കുള്ള ഫണ്ട് :</u>

  നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം :</u>

  ആകെ 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10,00 0 രൂപ സബ്സിഡി നല്കി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

- <u>പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം :</u>

  ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളുടെ പ്രവർത്തനചെലവിനായി ഹെക്ടറിന് 200 രൂപ നിരക്കിൽ നല്കിവരുന്നുണ്ട്. ഈ ഇനത്തിൽ 332 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- <u>തരിശുനില നെൽകൃഷി വികസനം (ആർ.കെ.വി.വൈ.)</u>

  തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടറിന് 7500 രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷംരൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- <u>ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസന പദ്ധതി :</u>

  89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- നെൽകർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. 2010-2011-ലെ ഉല്പാദനം 522738 മെ.ടൺ ആയിരുന്നത് 2011-2012-ൽ 568990 മെ.ടൺ ആയി വർദ്ധിക്കുകയുണ്ടായി. 2012-2013-ൽ ഉല്പാദനം 508299 മെ.ടൺ ആയിരുന്നത് 2013-14-ൽ 564325 മെ.ടൺ. ആയി വർദ്ധിക്കുകയുണ്ടായി. ആയതിനാൽ 2013-14 വർഷം മുൻ വർഷത്തേക്കാൾ 56026 മെ.ടൺ നെല്ല് അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.